**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2120** **03-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ ഉള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിൽ പൂഞ്ഞാർ മണ്ഡലത്തിൽ സി.എച്ച്.സി എരുമേലി, എഫ്.എച്ച്.സി മുണ്ടക്കയം, എഫ്.എച്ച്.സി ഈരാറ്റുപേട്ട എന്നീ ആശുപത്രികളിൽ കിടത്തി ചികിത്സാ സൗകര്യമുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മാനദണ്ഡപ്രകാരമുള്ള ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്. സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക്, ആർദ്രം മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് സായാഹ്ന ഒ.പി സൗകര്യം ഉള്ളതെന്നും ആയതിന്റെ വിശദാംശവും ലഭ്യമാക്കുമോ? | (സി) | പ്രസ്തുത മണ്ഡലത്തിൽ എഫ്.എച്ച്.സി പൂഞ്ഞാർ, എഫ്.എച്ച്.സി കൂട്ടിക്കൽ, സി.എച്ച്.സി എരുമേലി, എഫ്.എച്ച്.സി പാറത്തോട്,എഫ്.എച്ച്.സി മുണ്ടക്കയം, എഫ്.എച്ച്.സി ഈരാറ്റുപേട്ട, എഫ്.എച്ച്.സി കോരുത്തോട് എന്നിവിടങ്ങളിൽ സായാഹ്ന ഒ .പി സൗകര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ